(ബി) നിലവിലുള്ള ശുദ്ധജലത്തിന്റെ ലഭ്യതക്കുറവുകൊണ്ട് വർക്കുകൾ പൂർത്തീകരിക്കുവാൻ കഴിയാതെ വന്നിട്ടുണ്ട്. ചില സ്ഥലങ്ങളിൽ പൊതു ടാപ്പുകൾ സ്ഥാപിക്കുന്നതിനുള്ള ലൊക്കേഷനുകളുടെ വിശദാംശങ്ങൾ പഞ്ചായത്തിൽ നിന്നും ലഭിക്കാത്തതിനാലും ചില പണികൾ പൂർത്തീകരിക്കാൻ കഴിയാതെ വന്നിട്ടുണ്ട്. കൂടാതെ ആവശ്യമുള്ള സാധനസാമഗ്രികളുടെ അഭാവവും കരാറുകൾ ഉറപ്പിക്കുവാനുള്ള സാങ്കേതിക കാലതാമസവും വർക്കുകൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തതിന് കാരണമായിട്ടുണ്ട്.

(സി) മാർച്ച് ഏപ്രിൽ മാസങ്ങളിൽ കടുത്ത വരൾച്ച മൂലം ജല ലഭ്യത കുറയുന്ന പദ്ധതികളിൽ താൽക്കാലികമായി പുതിയ കണക്ഷനുകൾ നൽകുന്നത് നിർത്തിവയ്ക്കാറുണ്ട്. ഗ്രാമപഞ്ചായത്തുകൾ കഴിഞ്ഞ മാർച്ച് 31-ന് മുമ്പ് വാട്ടർ അതോറിറ്റിയിൽ പണമടച്ചിട്ടുള്ള ഒട്ടുമിക്ക പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിക്കാത്തവ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൊച്ചി ജലവിതരണ ടെന്ററുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ

81(1357) ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ജലവിതരണ പദ്ധതിയുടെ ടെന്ററുമായി ബന്ധപ്പെട്ട് ഉണ്ടായ ക്രമക്കേടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊച്ചി ജലവിതരണ പദ്ധതിക്ക് പ്രവൃത്തി പരിചയവും സാമ്പത്തിക ഭദ്രതയും യോഗ്യതയും ഇല്ലാത്ത സ്ഥാപനത്തിന് പൈപ്പ് ലൈൻ സ്ഥാപിക്കുവാൻ ടെന്റർ നൽകിയിട്ടുണ്ടോ;

(സി) മാനദണ്ഡങ്ങൾ പാലിക്കാതെ ടെന്റർ അനുവദിച്ച ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ സ്വീകരിച്ച ശിക്ഷാ നടപടികൾ എന്തൊക്കെയാണ്;

(ഡി) ക്രമവിരുദ്ധമായി കരാർ നൽകിയ ഉദ്യോഗസ്ഥർ ആരെല്ലാമാണ് എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇതു സംബന്ധിച്ച് നടക്കുന്ന വിജിലൻസ് അന്വേഷണത്തിന്റെ വിശദ വിവരം അറിയിക്കുമോ?

ഉത്തരം

(എ) ക്രമക്കേടുകൾ ഉണ്ടെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) മാനദണ്ഡങ്ങൾ പാലിക്കാതെ ടെന്റർ അനുവദിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കൊച്ചി വാട്ടർ സപ്ലൈ സ്കീമുമായി ബന്ധപ്പെട്ട ജോലികൾക്ക് ടെന്ററുകൾ നൽകിയതിലും അനന്തരനടപടികൾ സ്വീകരിച്ചതിലും ഗുരുതരമായ ക്രമക്കേടുകൾ നടന്നു എന്നുള്ള ആരോപണം ഉന്നയിച്ചുകൊണ്ട് തൃശ്ശൂർ എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതിയിൽ ഫയൽ ചെയ്ത ഒരു സഹകാര്യ അന്യായം, പ്രസ്തുത വിഷയത്തിൽ ഒരു വിജിലൻസ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കണം എന്നുള്ള ഉത്തരവോടുകൂടി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ലഭിച്ചിരുന്നു. അതിൻ പ്രകാരം ഒരു വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

ചേലക്കര നിയോജകമണ്ഡലത്തിൽ ഇപ്പോൾ നിർമ്മാണം നടന്നുവരുന്ന ശുദ്ധജല വിതരണ പദ്ധതികൾ

82(1358) ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ ഇപ്പോൾ നിർമ്മാണം നടന്നുവരുന്ന ശുദ്ധജല വിതരണപദ്ധതികൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതികൾ ഏതെല്ലാം ഫണ്ടുപയോഗിച്ചാണ് നടപ്പിലാക്കുന്നത്;

(സി) ഓരോ പദ്ധതിയും എപ്പോഴാണ് ആരംഭിച്ചതെന്നും പൂർത്തിയാക്കേണ്ട കാലാവധി എന്നാണെന്നും വെളിപ്പെടുത്തുമോ;

(ഡി) നിർദ്ദിഷ്ട കാലാവധി കഴിഞ്ഞും ഏതെങ്കിലും പദ്ധതികൾ പൂർത്തിയാക്കാൻ എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ പറയാമോ;

(ഇ) ഭാവിയിലുണ്ടായേക്കാവുന്ന വരൾച്ചക്കു മുൻപായിത്തന്നെ ഈ പദ്ധതികൾ പൂർത്തിയാക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ശുദ്ധജലവിതരണ പദ്ധതികൾ.

1. തിരുവിലാമല കൊണ്ടാഴി പദ്ധതി
2. പങ്ങാരപ്പിള്ളി-പുലാക്കോട് പദ്ധതി
3. കടങ്ങോടിനും സമീപ വില്ലേജുകൾക്കും കൂടിയുള്ള പദ്ധതി
4. ചെറുതുരുത്തി നെടുംപുര പദ്ധതി
5. എ. യു. ഡബ്ല്യു.എസ്.എസ്. ചേലക്കര സെൻസസ് ടൗൺ പദ്ധതി
6. കൊണ്ടാഴി പഞ്ചായത്ത് തേക്കിൻകാട് വാഴോട് ശുദ്ധജല വിതരണ പദ്ധതികളുടെ വിപുലീകരണം.

LIBRARY ARCHIVES Kerala Legislative Assembly